LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽ നിന്നും പ്രസ്തുത മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യാമെന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോധ്യമായതിനുശേഷമാണ് പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കുന്നതിലേയ്ക്കായി തീരുമാനിക്കപ്പെടുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി രണ്ട് ലാബുകളാണുള്ളത്. അവ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മാതാക്കൾ അവർ വില്പന നടത്തുന്ന ഓരോ ബാച്ച് മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി യിട്ടാണ് വിപണിയിലിറക്കുന്നത്. എന്നിരുന്നാലും ഗുണനിലവാരത്തിൽ സംശയമുള്ള മരുന്നുകളുടെ റാൻഡംസാമ്പിളുകൾ വകുപ്പ് പ്രസ്തുത ലാബുകളിൽ പരിശോധനയ്ക്ക് വിധേയ മാക്കുന്നുണ്ട്. വിപണിയിൽ ലഭ്യമായ മരുന്നുകളുടെ വളരെ കുറഞ്ഞ ശതമാനം മാത്രമേ പരിശോധന നടത്താൻ കഴിയുന്നുള്ളൂ.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

മരുന്നുകളുടെ ഗുണനിലവാര പരിശോധനയും സർട്ടിഫിക്കറ്റും

123 (3557) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ഏതെല്ലാം പരിശോധനാ കേന്ദ്രങ്ങൾ എന്നും അവയിൽ ഏതെല്ലാം സർക്കാർ ലാബുകൾ പൂർണ്ണപരിശോധനയ്ക്ക് വിധേയമാക്കാത്ത മരുന്നുകൾക്ക് ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നൽകി എന്നും വ്യക്തമാക്കുമോ ;

(ബി) ഹൃദ്രോഗികളും കൊളസ്ട്രോൾ ബാധിതരും കഴിക്കുന്ന ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം മരുന്നുകൾക്ക് ഡിസൊല്യൂഷൻ ടെസ്റ്റ് നടത്താതെ ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) ഡിസൊല്യൂഷൻ പരിശോധനാഫലം രേഖപ്പെടുത്താത്ത സർക്കാർ സർട്ടിഫിക്കറ്റ് ഇത്തരം മരുന്നുകൾക്കുനൽകിയ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഡി) പ്രസ്തുത കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തു വിപണനം നടത്തുന്ന എല്ലാ മരുന്നുകൾക്കും ഗുണവിലവാര പരിശോധനയും ഗുണനിലവാര സർട്ടിഫിക്കറ്റും നിർബന്ധമാക്കാൻ എന്തുനടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണംചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് സർക്കാർ ലബോറട്ടറികളായ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലുമാണ്. തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലാണ് പൂർണ്ണ പരിശോധന നടത്താതെ സർട്ടിഫിക്കറ്റ് നൽകിയത്.

(ബി) പതിനഞ്ചോളം മരുന്നുകൾ ഡിസൊല്യൂഷൻ ടെസ്റ്റ് ചെയ്യാതെ സർട്ടിഫിക്കറ്റ് നൽകി എന്നാണ് അറിയുന്നത്. പ്രസ്തുത മരുന്നുകളിൽ ഹൃദ്രോഗത്തിനും കൊളസ്ട്രോളിനുമുള്ള മരുന്നായ അടോവസ്റ്റാറ്റിൻ, ലോസ്സാർട്ടൻ, പൊട്ടാസ്യം, ഡിജോക്സിൻ എന്നിവ ഉൾപ്പെടുന്നു.

(സി) പരിശോധനാ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തുന്നത് ഗവൺമെന്റ് അനലിസ്റ്റാണ്. ടി ടെസ്റ്റ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥൻ ഗവൺമെന്റ് അനലിസ്റ്റായ ശ്രീ. ഒ. കെ. പ്രേമാനന്ദൻ ആണ്.

(ഡി) ടി ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും അടുത്തകാലത്തായി എറണാകുളത്ത് പ്രവത്തനമാരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായുള്ള പ്രാഥമിക നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4500 മരുന്ന് സാമ്പിളുകളും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ 2000 മരുന്ന് സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സൗകര്യ മാണുള്ളത്. ഇത് വിപണിയിൽ വിറ്റഴിക്കുന്ന മരുന്ന സാമ്പിളുകളുടെ 2.5 ശതമാനം മാത്രമാണ്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടുകൂടി വിതരണം ചെയ്യുന്ന ആകെ ബാച്ചുകളുടെ 10 ശതമാനം സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്താൻ സാധിക്കും. എല്ലാ ഔഷധ പരിശോധനാ ലബോറട്ടറികളും പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ ഔഷധ പരിശോധനാ സമ്പ്രദായം പര്യാപ്തമാകുന്നതാണ്. കൂടാതെ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽനിന്നും പ്രസ്തുത മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യാമെന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ടെണ്ടർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പരിശോധിച്ച് ബോധ്യമായതിനുശേഷം പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കു ന്നതിലേക്കായി തീരുമാനിക്കപ്പെടുന്നു.

മരുന്നുകളുടെ ഗുണനിലവാരം

124 (3558) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിവിധങ്ങളായ അലോപ്പതി, ആയുർവേദ, ഹോമിയോ മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ഗുണനിലവാര പരിശോധനക്കായി എന്തെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളത് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ എല്ലാ ബാച്ചുകളിലും ഗുണനിലവാര പരിശോധന കൃത്യമായി നടത്താറുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly